(ബി) സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ/സ്വകാര്യ സ്കൂളുകളിൽ സംസ്കൃതം ഓപ്ഷണലായി പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ടോ ;

(സി) പ്ലസ് ടു കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്ലസ് ടു ഡയറക്ടറേറ്റിൽ ഇതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലസ് ടു കോഴ്സിൽ ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ സംസ്കൃത സാഹിത്യവും ശാസ്ത്രവും ഓപ്ഷണലായി അനുവദിച്ചിട്ടുണ്ട്. സ്കൂൾ അധികൃതർക്ക് ഇത് തെരഞ്ഞെടുക്കാവുന്നതാണ്.

(സി&ഡി) പ്ലസ് ടുവിന് പ്രൈവറ്റ് രജിസ്ട്രേഷൻ ഇല്ല. പകരം "ഓപ്പൺ സ്കൂൾ" സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിന്റെ പ്രവർത്തനം എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്കാണ്. എന്നാൽ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത് ഹയർ സെക്കണ്ടറി ഡയറക്ടറാണ്.

പ്ലസ് ടു കോഴ്സ് അനുവദിച്ച മാനേജ്മെന്റുകൾ

45(448) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പ്ലസ് ടു കോഴ്സ് അനുവദിക്കപ്പെട്ട സ്കൂൾ മാനേജ്മെന്റുകൾ ഏതെല്ലാമെന്നും ഓരോ മാനേജ്മെന്റിനും ഏതെല്ലാം വിഷയങ്ങളിലാണ് പ്ലസ് ടു കോഴ്സ് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷം പ്ലസ് ടു കോഴ്സ് അനുവദിക്കപ്പെട്ട മാനേജ്മെന്റുകളിൽ ഏതെല്ലാം മാനേജ്മെന്റുകൾ കോളേജുകൾ നടത്തിയിരുന്നു ;

(സി) ഈ ഓരോ കോളേജുകളിലും നിന്ന് പ്രീഡിഗ്രിക്ക് ഓരോ വർഷങ്ങൾക്കുള്ള എത്ര സീറ്റുകൾ നിർത്താലാക്കിയെന്നും പ്രസ്തുത മാനേജ്മെന്റുകൾക്ക് ഓരോ വിഷയത്തിലും എത്ര സീറ്റുകൾ വീതം പ്ലസ് ടു കോഴ്സിന് അനുവദിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly